# ഇബ്നു കഥീർ (رحمه الله)

തയ്യാറാക്കിയത്: നാസ്വിഹ് അബ്ദുൽബാരി

സുപ്രസിദ്ധ ക്വുർആൻ വ്യാഖ്യാതാവായ ഇബ്നു കഥീറി(رحمه الله)ന്റെ മുഴുവൻ പേര് അബുൽ ഫിദാ ഇമാദുദ്ദീൻ ഇസ്മാഈലുബ്നു ഉമർ ഇബ്നു കഥീർ അൽ ഖുറഷി അൽ ബസ്റവി (ജനിച്ചത് ബസ്റയിലാണെങ്കിലും, പഠിച്ചതും വളർന്നതും ദമസ്കസിലാണ്) എന്നാണ് .

ജനനം: ഹി. 701 (ബസ്റയിൽ)

മരണം: ഹി. 774 (ദമസ്കസിൽ)

ഗുരുനാഥന്മാർ:

- സകരിയ്യ ഇബ്നു യൂസുഫുബ്നു സുലൈമാൻ ഇബ്നു ഹമ്മാദ് അൽ ബജലി (മരണം: ഹി. 722)
- ഖാസിം ഇബ്നു അസാകിർ (മരണം: ഹി. 723)
- യഹ്യബ്നു ഫാദിൽ (മരണം: ഹി. 724)
- മുഹമ്മദുബ്നു ഉമർ അസ്സക്വലി (മരണം: ഹി. 725)
- ഇസ്ഹാക്വുബ്നു യഹ്യ അൽ ആമുദ്ദി (മരണം: ഹി. 725)
- മുഹമ്മദുബ്നു അഹ്മദുബ്നു അബിൽ ഹൈജാഅ്
- അബ്ദുൽ വഹ്ഹാബ് ഇബ്നു ദുഐബ്, ഇബ്നു ഖാളീ ശഹ്ബഃ (മരണം: ഹി. 726)
- ശൈഖുൽ ഇസ്ലാം അബുൽ അബ്ബാസ് അഹ്മദുബ്നു അബ്ദുൽ ഹലീം ഇബ്നു തൈമിയ്യ (മരണം: ഹി. 728)
- അബൂ ഇസ്ഹാഖ് ഇബ്രാഹീമുബ്നു അബ്ദുറഹ്മാൻ അൽ ഫസ്സാരി ബുർഹാനുദ്ദീൻ (ഇബ്നുൽ ഫർകാഹ്) (മരണം: ഹി. 729)
- ശൈഖുൽ ഹാഫിദ് ഇൽമുദ്ദീൻ അബൂ മുഹമ്മദുൽ ഖാസിം ഇബ്നു മുഹമ്മദുൽ ബർസാലി (മരണം: ഹി. 739)
- ഹാഫിള് അൽ മിസ്സി (മരണം: ഹി. 742)
- ശംസുദ്ദീൻ, മുഹമ്മദുബ്നു അഹ്മദുബ്നു ഉഥ്മാനുബ്നു ക്വൈസ് അദ്ദഹബി (മരണം: ഹി. 748)

<u>പ്രമുഖ ശിഷ്യന്മാർ:</u>

- ശിഹാബുദ്ദീൻ അബുൽ അബ്ബാസ് അഹ്മദുബ്നുൽ അലാഅ് അൽ ഹജ്ജി അസ്സഅദി (മരണം: ഹി. 796)
- അല്ലാമ സദറുദ്ദീൻ മുഹമ്മദുബ്നു അലാഉദ്ദീൻ അലിയ്യുബ്നു മുഹമ്മദുബ്നു അബിൽ ഇസ്സ് അൽ ഹനഫി (മരണം: ഹി. 792)
- ഹാഫിദ് അൽ മുക്‌രിഅ് ശംസുദ്ദീൻ അബുൽ ഖൈർ മുഹമ്മദുബ്നുൽ ജസരി (മരണം: ഹി. 833)
- സ്വന്തം പുത്രനായ മുഹമ്മദുബ്നു ഇസ്മാഈൽ ഇബ്നു കഥീർ
- ഹാഫിസ് അബുൽ മഹാസിൻ അൽ ഹുസൈനി
- ഹാഫിള് സൈനുദ്ദീനുൽ ഇറാഖി
- ഇമാം അസ്സെലഈ

ചെറുതും വലുതുമായ നിരവധി ഗ്രന്ഥങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ട്. അവയിൽ ചിലത് മാത്രം ചുവടെ:

1. തഫ്സീറുൽ ക്വുർആനിൽ അളീം (تفسير القرآن العظيم): അദ്ദേഹം രചിച്ച ഗ്രന്ഥങ്ങളിൽ ഏറ്റവും മഹത്തായ ഈ ക്വുർആൻ വ്യാഖ്യാനഗ്രന്ഥം ഹദീഥുകളെയും സ്വഹാബികളുടെ വ്യാഖ്യാനങ്ങളെയുമാണ് പ്രധാനമായും ആശ്രയിച്ചിട്ടുള്ളത്. 'തഫ്സീർ ഇബ്നു കഥീർ' എന്നറിയപ്പെടുന്ന ഈ ഗ്രന്ഥം പല തവണ പ്രസിദ്ധീകരിക്കുകയും നിരവധി പണ്ഡിതന്മാർ അത് സംഗ്രഹിക്കുകയും ചെയ്തിട്ടുണ്ട്.

2. അൽ ബിദായ വന്നിഹായ (البداية والنهاية): 14 വാല്യങ്ങളിലായി പ്രസിദ്ധീകരിക്കപ്പെട്ട ഈ ചരിത്രഗ്രന്ഥത്തിൽ പ്രവാചകന്മാരുടെയും പൂർവ്വീക സമുദായങ്ങളുടെയും കഥകളും, മുഹമ്മദ് നബിയുടെ ജീവചരിത്രവും, ഇബ്നു കഥീറിന്റെ കാലം വരെയുള്ള ഇസ്‌ലാമികചരിത്രവും ഉൾക്കൊള്ളുന്നു. അതിൽ അന്ത്യനാളിന്റെ അടയാളങ്ങൾ വിവരിക്കുന്ന കിതാബുൽ ഫിതൻ എന്ന ഭാഗം അധികമായി ചേർത്തിട്ടുണ്ട്.

3. ഇഖ്തിസ്വാറു ഉലൂമിൽ ഹദീഥ് (إختصار علوم الحديث): ഹദീഥ് നിദാന ശാസ്ത്രത്തിലെ പ്രശസ്ത ഗ്രന്ഥമായ 'മുക്വദ്ദിമഃ ഇബ്നു സ്വലാഹി'ന്റെ സംഗ്രഹം. (മിസ്റിലെ മുഹദ്ദിഥായിരുന്ന ശൈഖ് അഹ്മദ് ശാകിർ 'അൽ ബാഇഥ് അൽ ഹഥീഥ് ഫീ ശർഹി മുഖ്തസ്വർ ഉലൂമിൽ ഹദീഥ്' എന്ന പേരിൽ അതിനൊരു വ്യാഖ്യാനമെഴുതി)

4. ജാമിഉൽ മസാനീദ് വസ്സുനൻ (جامع المسانيد والسنن): 'അൽ ഹദ്‌യു വസ്സുനൻ ഫീ അഹാദീഥിൽ മസാനീദി വസ്സുനൻ' എന്നും അറിയപ്പെടുന്ന ഈ ഗ്രന്ഥം, ഇമാം അഹ്മദ്, ബസ്സാർ, അബൂ യഅ്ല, ഇബ്നു അബീ ശൈബ എന്നിവരുടെ മുസ്നദുകളെ കുതുബുസ്സിത്ത (സ്വഹീഹുൽ ബുഖാരി, മുസ്‌ലിം, അബൂ ദാവൂദ്, തിർമിദി, നസാഈ, ഇബ്നു മാജ) യോടൊപ്പം ചേർത്തുകൊണ്ട് ഇബ്നു കഥീർ കർമ്മശാസ്ത്ര വിഷയങ്ങളുടെ അടിസ്ഥാനത്തിൽ ക്രോഡീകരിച്ചതാണ്.

5. അത്തക്മീലു ഫീ മഅ്രിഫതി അഥ്ഥികാത് വദ്ദുഅഫാഅ് വൽ മജാഹീൽ (التكميل فى معرفة الثقاة والضعفاء والمجاهيل): തന്റെ രണ്ട് ഗുരുനാഥന്മാരായ ദഹബി, മിസ്സി എന്നിവരുടെ ഗ്രന്ഥങ്ങളായ 'തഹ്ദീബുൽ കമാൽ', 'മീസാനുൽ ഇഅ്തിദാൽ' എന്നിവയിൽ നിന്നും ഇബ്നു കഥീർ ക്രോഡീകരിച്ചതാണിത്. അതോടൊപ്പം, ജർഹ് തഅ്ദീലുമായി ബന്ധപ്പെട്ട ധാരാളം വിഷയങ്ങൾ അതിൽ കൂടുതലായി ഉൾപ്പെടുത്തുകയും ചെയ്തു.

6. മുസ്നദു അശ്ശയ്ഖയ്ൻ (مسند الشيخين): അബൂ ബക്ർ ഉമർ എന്നിവരെ കുറിച്ച്.

7. രിസാല ഫിൽ ജിഹാദ (الرسالة فى الجهاد).

8. ത്വബകാതു ശ്ശാഫിഈ (طبقة الشافعي): ഇമാം ശാഫിഈയുടെ മഹത്വങ്ങളും അതിലുണ്ട്.

9. ശാഫിഈ ഫിക്ഹ് ഗ്രന്ഥമായ 'അദില്ലതു അത്തൻബീഹി'ലെ ഹദീഥുകളുടെ തഖ്‌രീജ്.

10. 'മുഖ്തസ്വർ ഇബ്നു ഹാജിബി'ലെ ഹദീഥുകളുടെ തഖ്‌രീജ്.

11. ഇമാം ബൈഹകിയുടെ 'അൽ മദ്ഖൽ ഇലാ കിതാബിസ്സുനൻ' എന്ന ഗ്രന്ഥത്തിന്റെ സംഗ്രഹം.

12. സ്വഹീഹുൽ ബുഖാരിയുടെ വിശദീകരണം ഇബ്നു കഥീർ തുടങ്ങിയെങ്കിലും അത് പൂർത്തയാക്കാൻ സാധിച്ചില്ല.

13. ഹജ്ജിന്റെ നിയമങ്ങളെ കുറിച്ച് വിവരിക്കുന്ന ഒരു വലിയ ഗ്രന്ഥം എഴുതാൻ തുടങ്ങിയെങ്കിലും അതും പൂർത്തയാക്കാൻ സാധിച്ചില്ല.

ഇബ്നു കഥീറിന്റെ ശിഷ്യന്മാരിൽ പ്രമുഖനായ ഇബ്നു ഹജ്ജി അദ്ദേഹത്തെ കുറിച്ചു പറഞ്ഞു: "ഹദീഥിന്റെ മത്നുകളിൽ ഏറ്റവും കൂടുതൽ മനഃപാഠമുള്ളയാളായിരുന്നു അദ്ദേഹം. ഹദീഥിന്റെ തഖ്‌രീജിനെ കുറിച്ചും നിവേദകരെ കുറിച്ചും സ്വഹീഹ് ദഈഫുകളെ കുറിച്ചും അഗാധജ്ഞാനമുണ്ടായിരുന്നു അദ്ദേഹത്തിന്. അദ്ദേഹത്തിന്റെ ഈ ഗുണവിശേഷണങ്ങളെ അദ്ദേഹത്തിന്റെ തന്നെ സമകാലീനരും ഗുരുനാഥന്മാരും

ശരിവെച്ചിരുന്നു. ഞാൻ അദ്ദേഹത്തെ കണ്ടുമുട്ടിയപ്പോഴെല്ലാം എനിക്ക് എന്തെങ്കിലും പ്രയോജനം അദ്ദേഹത്തിൽ നിന്നും ലഭിച്ചിട്ടുണ്ട്."

തന്റെ 'അദ്ദുററുൽ കാമിനാ' എന്ന ഗ്രന്ഥത്തിൽ, ഹാഫിദ് ഇബ്നു ഹജറുൽ അസ്ക്വലാനി പറയുന്നു: "ഹദീഥിന്റെ മത്നിലും സനദിലുമാണ് ഇബ്നു കഥീർ ശ്രദ്ധ കേന്ദ്രീകരിച്ചത്. അദ്ദേഹം നല്ല ഓർമ്മശക്തിയുള്ള ആളായിരുന്നു. അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങൾ അദ്ദേഹത്തിന്റെ ജീവിതകാലത്ത് തന്നെ പ്രശസ്തമായിരുന്നു. അദ്ദേഹത്തിന്റെ കാലശേഷം അതിൽ നിന്നും ജനങ്ങൾക്ക് ഉപകാരം ലഭിച്ചു."

ഇബ്നു കഥീറിനെ കുറിച്ച് ഇബ്നു ഹബീബ് പറഞ്ഞു: "അദ്ദേഹം വിജ്ഞാനം കേൾക്കുകയും അത് ശേഖരിക്കുകയും രേഖപ്പെടുത്തുകയും ചെയ്തു. അദ്ദേഹത്തിന്റെ ഫത്വകൾ കാതുകൾക്ക് ആശ്വാസം പകരുന്നതായിരുന്നു. അദ്ദേഹം ഹദീഥുകൾ രേഖപ്പെടുത്തുകയും അതുമുഖേന ജനങ്ങൾക്ക് പ്രയോജനമേകുകയും ചെയ്തു. അദ്ദേഹത്തിന്റെ ഫത്വകൾ വിവിധ രാജ്യങ്ങളിലെത്തി. വിജ്ഞാനത്തിന്റെ വിഷയത്തിലുള്ള അദ്ദേഹത്തിന്റെ സൂക്ഷ്മതയും സ്ഥിരതയും പ്രശസ്തമാണ്."

പ്രശസ്ത ചരിത്രകാരനായ അബുൽ മഹാസിൻ ജമാലുദ്ദീൻ യൂസുഫുബ്നു സൈഫുദ്ദീൻ തന്റെ "അൽ മൻഹലുസ്സാഫീ" എന്ന ഗ്രന്ഥത്തിൽ പറയുന്നു: "ഇമാദുദ്ദീൻ അബുൽ ഫിദാ (ഇബ്നു കഥീർ) ശൈഖും ഇമാമും മഹാ പണ്ഡിതനുമാണ്. അഗാധജ്ഞാനത്തിനുടമയായ അദ്ദേഹം വിജ്ഞാനം ശേഖരിക്കുന്നതിലും രേഖപ്പെടുത്തുന്നതിലും അങ്ങേയറ്റം ഊർജ്ജ സ്വലനായിരുന്നു. ഫിഖ്ഹ്, തഫ്സീർ, ഹദീഥ് എന്നീ മേഖലകളിൽ അദ്ദേഹം അത്യുത്കൃഷ്ടനായിരുന്നു. അദ്ദേഹം വിജ്ഞാനം ശേഖരിക്കുകയും, (ഗ്രന്ഥങ്ങൾ) രചിക്കുകയും, പഠിപ്പിക്കുകയും, ഹദീഥുകൾ ഉദ്ധരിക്കുകയും രേഖപ്പെടുത്തുകയും ചെയ്തു. ഹദീഥ്, തഫ്സീർ, ഫിഖ്ഹ്, അറബിഭാഷ, തുടങ്ങിയ വിഷയങ്ങളിൽ അദ്ദേഹം അഗാധജ്ഞാനമുള്ളവനായിരുന്നു. മരണം വരെ അദ്ദേഹം ഫത്വകൾ നൽകുകയും പഠിപ്പിക്കുകയും ചെയ്തു കൊണ്ടിരുന്നു. അദ്ദേഹത്തിന്റെ സൂക്ഷ്മതയും, പാണ്ഡിത്യവും അറിയപ്പെട്ടതാണ്. ചരിത്രപണ്ഡിതൻ, മുഹദ്ദിഥ്, മുഫസ്സിർ എന്നീ നിലകളിലും അദ്ദേഹം അറിയപ്പെട്ടിരുന്നു."

ഹാഫിദ് ഇബ്നു ഹജറുൽ അസ്ക്വലാനി പറഞ്ഞു: "മരിക്കുന്നതിന് മുമ്പ് ഇബ്നു കഥീറിന്റെ കാഴ്ച നഷ്ടപ്പെട്ടു. ഹിജ്റ വർഷം 774 ൽ ദമസ്കസിൽ വെച്ചാണ് അദ്ദേഹം മരിച്ചത്".

അല്ലാഹു അദ്ദേഹത്തിന്റെ മേൽ കരുണ ചൊരിയുമാറാകട്ടെ!